# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3664** **10.04.2013-ലെ മറുപടിയ്ക്ക്**

### അടിസ്ഥാന വിവരരേഖ തയ്യാറാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും അതതു പഞ്ചായത്തുകളിലെ വിഭവ ശേഷിയെയും ജൈവ സമ്പത്തിനെയും കാർഷിക സാധ്യതകളെയും ഉൾപ്പെടുത്തി അടിസ്ഥാന വിവര രേഖ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം തയ്യാറാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുതല പദ്ധതികൾ തയ്യാറാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിർദ്ദേശം നൽകുമോ; | (ബി) പഞ്ചായത്തുതല പദ്ധതികൾ തയ്യാറാക്കുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച് ജൈവവൈവിധ്യ നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) നിലവിൽ ഇപ്രകാരം തയ്യാറാക്കിയ അടിസ്ഥാന വിവര രേഖകൾ ഏതെങ്കിലും പഞ്ചായത്തുകളിൽ നിലവിലുണ്ടോ എന്നു പറയാമോ; ഇതിന്റെ അടിസ്ഥാനത്തിലാണോ ഈ പഞ്ചായത്തുകൾ പദ്ധതികൾക്ക് രൂപം നൽകുന്നത് എന്ന് അറിയിക്കുമോ? | (സി) ഉണ്ട്. 496 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ട്രാറ്റജി ആന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയുമായിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യമെന്നും പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിനും സ്ഥായിയായ നിലനിൽപ്പിനും പ്രത്യേക പരിഗണന നൽകേണ്ടതാണെന്നും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**